സർക്കുലർ

98/1/NSS/DHSE/2015 22/06/2015

**ഒന്നാം വർഷ വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

1. ഒന്നാം വർഷത്തിൽ (+1) പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കുമായി പൊതു ശിക്ഷണം (ജനറൽ ഓറിയന്റേഷൻ) നൽകണം.

   (A) എൻഎസ്എസിന്റെ വിവിധ പ്രവർത്തനങ്ങൾ,

   (B) എൻഎസ്എസ് എന്ന സംഘടനയുടെ വിദ്യാഭ്യാസത്തിലുള്ള പ്രസക്തി,

   (C) വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന നേട്ടം തുടങ്ങിയവ

2. ജനറൽ ഓറിയേന്റ്ഷനു ശേഷം താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ മാതൃക നൽകേണ്ടതാണ്. **ജനറൽ ഓറിയന്റേഷൻ വിദ്യാലയത്തിലെ പ്രോഗ്രാം ഓഫീസർ ആണ് നിർവ്വഹിക്കേണ്ടത്.**
3. വിദ്യാർത്ഥികൾ രക്ഷകർത്താവിനോട് അനുവാദം വാങ്ങിയ ശേഷമേ പൂരിപ്പിച്ച അപേക്ഷ പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതുള്ളൂ.
4. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുല്യ പരിഗണന നൽകണം.
5. അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളുടെയും പേര്/ക്ലാസ്സ്/ രക്ഷകർത്താവിന്റെ പേര് എന്നിവ എൻഎസ്എസ് നോട്ടിസ് ബോർഡിലും, വിദ്യാലയത്തിന്റെ നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കേണ്ടതാണ്.
6. ഓരോ യൂണിറ്റും/പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ കണ്ടെത്തുവാനുള്ള വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.
7. പ്രോഗ്രാം ഓഫീസർമാർ പ്രിൻസിപ്പൽ/മറ്റ് അധ്യാപകരുടെ സേവനം വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പിൽ ഉപയുക്തമാക്കാവുന്നതാണ്. എന്നാൽ തെരഞ്ഞെടുപ്പിന്റെ യൂണിറ്റ്തല അധികാരം പൂർണ്ണമായും പ്രോഗ്രാം ഓഫീസറിൽ നിക്ഷിപ്തമാണ്.
8. പ്രോഗ്രാം ഓഫീസർമാർ വിവേചനം കൂടാതെ സത്യസന്ധമായി, നീതിയുക്തമായി തെരഞ്ഞെടുപ്പ് നടത്തണം.
9. **വോളണ്ടിയേഴ്സ് തെരഞ്ഞെടുപ്പ് വേളയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യപരിഗണന നൽകണം.**
10. **സയൻസ്/കോമേഴ്സ്/ഹ്യുമാനിറ്റിക്സ് ബാച്ചുകൾക്ക് തുല്യ പരിഗണന നൽകണം. (വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ എൻറോൾമെന്റ് ലിസ്റ്റ് ഗ്രേസ് മാർക്കിന് പരിഗണിക്കുന്നതല്ല. )**

11. SC/ST,OBC/Minority/Girls എന്നിവരെ എൻഎസ്എസിൽ ചേരുവാൻ പ്രോത്സാഹനം നൽകണം.
12. എൻറോൾമെന്റ് പൂർത്തിയാകുന്നതിനു മുമ്പായി അപേക്ഷ നൽകിയ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മീറ്റീങ്ങ് വിളിച്ച് എൻഎസ്എസ് പ്രവർത്തനങ്ങൾ വിവരിക്കണം. അവരുടെ സഹായം വിവിധതലത്തിൽ ആവശ്യപ്പെടാം.
13. സ്പെഷ്യൽ ക്യാമ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി വിദ്യാർത്ഥികൾക്ക് അറിവ് നൽകണം.
14. തെരഞ്ഞെടുക്കപ്പെട്ട 50 വോളണ്ടിയേഴ്സിന്റെ ലിസ്റ്റ് സ്കൂൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തണം. വെയിറ്റിങ്ങ് ലിസ്റ്റ് പാടില്ല.
15. തെരഞ്ഞെടുപ്പ് പൂർത്തിയായാൽ മാത്രമേ എൻറോൾമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുവാൻ പാടുള്ളൂ.
16. യൂണിറ്റ് തല സ്പെസിഫിക് ഓറിയന്റേഷൻ നടത്തുന്നതിനായി ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന അതാത് പെർഫോർമൻസ് കമ്മിറ്റി അംഗങ്ങളെ (PAC)ബന്ധപ്പെടേണ്ടതാണ്. പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് മാത്രമേ സ്പെസിഫിക് ഓറിയന്റേഷന്റെ ചുമതല നൽകിയിട്ടുള്ളൂ. സ്പെസിഫിക്ക് ഓറിയന്റേഷൻ സെപ്റ്റംബർ 1 ന് ആരംഭിക്കുകയും സെപ്റ്റംബർ 20 ന് അവസാനിപ്പിക്കുകയും ചെയ്യണം.
17. എൻറോൾമെന്റ് പൂർത്തിയായാൽ യൂണിറ്റ് തലത്തിൽ 2 (M+F) വോളണ്ടിയേഴ്സ് ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. അതോടൊപ്പം 5 സബ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും 5 ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും വേണം.

## യൂണിറ്റ് തല നിർദ്ദേശങ്ങൾ

1. യൂണിറ്റിന് ബോർഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും പൊതുജനങ്ങൾക്ക് കാണാൻ ഉതകുന്നതരത്തിലും ആയിരിക്കണം.
2. രജിസ്റ്റർ/റെക്കോർഡ്സ് തുടങ്ങിയ രേഖകൾ എല്ലാം എൻഎസ്എസ് യൂണിറ്റിൽ സൂക്ഷിക്കേണ്ടതും അതാത് സമയം വിവരങ്ങൾ ചേർക്കേണ്ടതുമാണ്.
3. എൻഎസ്എസുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ പുകയില ഉപയോഗം, മദ്യപാനം തുടങ്ങിയ സാമൂഹിക തിന്മകളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരായിരിക്കണം.
4. യൂണിറ്റ്തല Advisory Committee വിളിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കാം.

5. സാമൂഹിക പ്രവർത്തനങ്ങളിലൂടെ വ്യക്തിത്വ വികസനം എന്ന ഉത്തമ ലക്ഷ്യം പ്രോഗ്രാം ഓഫീസർ മനസിലാക്കി വേണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും നടപ്പിലാക്കാനും ശ്രമിക്കേണ്ടത്. യഥാർത്ഥ ആശയം വിദ്യാർത്ഥികളിൽ എത്തിക്കുക എന്നതാവണം ആത്യന്തികമായ ലക്ഷ്യം.
6. രണ്ടാഴ്ചയിൽ ഒരിക്കലെങ്കിലും വോളന്റിയർമാർ ലീഡറുടെ നേതൃത്വത്തിൽ യോഗം ചേരുകയും പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയും ചർച്ച ചെയ്യുകയും വേണം.
7. യൂണിറ്റ് തല പ്രവർത്തനങ്ങൾ കൃത്യമായ വേളകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യണം(ക്ലസ്റ്റർ,ജില്ല,സംസ്ഥാനതലം). കൂടാതെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യണം.
8. സെപ്റ്റംബർ 20 നകം എൻറോൾമെന്റ് ലിസ്റ്റ് ജില്ലാ കൺവീനർ മുഖാന്തിരം എൻഎസ്എസ് സെല്ലിൽ എത്തിക്കേണ്ടതാണ്.
9. **ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രോഗ്രാം ഓഫീസർ അധ്യാപികയായിരിക്കണം.**
10. എൻഎസ്എസിന്റെ പ്രവർത്തനങ്ങളിൽ വിദ്യാലയത്തിലെ എല്ലാ അധ്യാപകരുടെയും പ്രത്യേകിച്ച് അധ്യാപികമാരുടെ സേവനം പ്രിൻസിപ്പിലിന്റെ നേതൃത്വത്തിൽ ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)